ജനറേറ്റിംഗ് സ്റ്റേഷനുകൾ

* 329. [355] എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജനറേറ്റിംഗ് സ്റ്റേഷനുകൾ ഉണ്ട് ;

(ബി) പുതിയ ജനറേറ്റിംഗ് സ്റ്റേഷൻ തുടങ്ങുവാൻ ഉദ്ദേശം ഉണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) പ്ലാനിംഗ് ബോർഡ് അംഗീകരിച്ച സബ് സ്റ്റേഷൻ പ്രൊപ്പോസലുകൾ എത്ര ; ജനറേറ്റിംഗ് സ്റ്റേഷൻ എത്ര ;

(ഡി) ഇവ ഈ വർഷം തുടങ്ങുമോ ;

(ഇ) ഇതിന് വിദേശ സഹായം ലഭിക്കുമോ ?

വൈദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഒൻപത്

(ബി) ഉണ്ട്. (ഇടമലയാർ, കല്ലട, കക്കാട്, ലോവർ പെരിയാർ എന്നീ സ്ഥലങ്ങളിൽ പുതിയ ജനറേറ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. ഇവ കൂടാതെ മലമ്പുഴ ഡാം, മാട്ടുപെട്ടി ഡാം, പേപ്പാറ ഡാം, മലങ്കര ഡാം എന്നിവയോട് അനുബന്ധിച്ച് മിനി വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്). പൂയംകുട്ടി പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

(സി) സബ് സ്റ്റേഷൻ 33 ജനറേറ്റിംഗ് സ്റ്റേഷൻ-ബി വിഭാഗത്തിന്റെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

(ഡി) ഇവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ലോവർ പെരിയാർ പദ്ധതിക്ക് വേൾഡ് ബാങ്ക് സഹായം ലഭിക്കും. പൂയംകുട്ടി പദ്ധതിക്ക് കനേഡിയൻ സഹായം പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ കുരുമുളകു കൃഷി

* 330. [356] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി നടത്തുന്നു ;

(ബി) കഴിഞ്ഞ വർഷം എത്ര ടൺ കുരുമുളക് ഉൽപ്പാദിപ്പിച്ചു ;

(സി) കൃഷി നാശവും രോഗവുംമൂലം ഈ കൃഷി നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ കണക്കിലെടുത്ത് കുരുമുളക് കൃഷിക്കാരെ സഹായിക്കാനുള്ള പദ്ധതികൾ എന്തെല്ലാമാണ് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 1985-86-ൽ ഒരുലക്ഷത്തി മൂവായിരത്തി അറുനൂറ്റി അറുപത്തഞ്ച് (1,03,665) ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്തു വരുന്നു.

(ബി) ഇരുപത്തിമൂവായിരത്തി എഴുനൂറ്റി അറുപത്തഞ്ച് (23,765) ടൺ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉൽപ്പാദനക്ഷമത കൂടിയ വേരു പിടിപ്പിച്ച് മേൽത്തരം കുരുമുളകു വള്ളികളും ഉൽപ്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്കു വിതരണം ചെയ്തുവരുന്നു.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

തഴക്കര പഞ്ചായത്തിലെ റേഷൻ റീട്ടെയിൽ ഷോപ്പ്

1238. [1852] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിൽ തഴക്കര പഞ്ചായത്തിൽ 7-ാം വാർഡിൽ സർക്കാർ പുതുതായി അനുവദിച്ച റീട്ടെയിൽ റേഷൻ ഡിപ്പോ സിവിൽ സപ്ലൈസ് കമ്മീഷണർ സ്റ്റേറ് ചെയ്ത വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ എന്തു അനന്തര നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) സർക്കാർ അനുവദിച്ച റീട്ടെയിൽ റേഷൻ ഡിപ്പോ സിവിൽ സപ്ലൈസ് കമ്മീഷ്ണർ സ്റ്റേറ് ചെയ്തെന്ന് പറയുന്നത് ശരിയല്ല. പ്രസ്തുത ഡിപ്പോയിലേക്ക് ഡീലറെ നിയമിക്കുന്നതിന് 12-3-1986-ൽ ആലപ്പുഴ ജില്ലാ സപ്ലൈ ആഫീസർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനു കീഴിലായി 1966-ലെ കേരള റേഷനിംഗ് ഉത്തരവിലെ 70-ാം ക്ലോസ് പ്രകാരം കമ്മീഷ്ണറുടെ മുൻപാകെ സമർപ്പിച്ച ഹർജി തീരുമാനമാകുന്നതുവരെ പ്രസ്തുത നോട്ടിഫിക്കേഷനെ തുടർന്നുള്ള നടപടികളാണ് കമ്മീഷ്ണർ സ്റ്റേ ചെയ്തിരിക്കുന്നത്.

(ബി) ഇക്കാര്യം ഇപ്പോൾ സിവിൽസപ്ലൈസ് കമ്മീഷ്ണറുടെ പരിഗണനയിലാണ്.

തറമ്മൽ അങ്ങാടി റേഷൻ ഷോപ്പ്

1239. [1853] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അരിക്കുളം പഞ്ചായത്തിലെ തറമ്മൽ അങ്ങാടി എന്ന സ്ഥലത്ത് റേഷൻ ഷോപ്പ് തുടങ്ങാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, റേഷൻ ഷോപ്പ് തുടങ്ങിയോ ;

(സി) ഇല്ലെങ്കിൽ, കാരണമെന്ത് ?

ഉത്തരം

(എ) എടുത്തിരുന്നു.

(ബി) ഇല്ല.

(സി) ഡീലർ നിയമത്തിനുവേണ്ടി കിട്ടിയിട്ടുള്ള അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയാണ്. അന്വേഷണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly